വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം

2 (1552) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം കഴിഞ്ഞ മൂന്നു വർഷങ്ങളിൽ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) വരുമാനം വർഷംതോറും വർദ്ധിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) വനവിഭവങ്ങളുടെ വില ഈ കാലയളവിൽ കുറഞ്ഞിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വിഭവങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1997 - 98 135.83 കോടി രൂപ
1998 - 99 111.18 കോടി രൂപ
1999 - 2000 103.93 കോടി രൂപ

(ബി) കഴിഞ്ഞ 2 വർഷമായി വരുമാനം വർദ്ധിക്കുന്നില്ല. വനം വകുപ്പിനെ സംബന്ധിച്ചിടത്തോളം തടി വിൽപ്പനയിലൂടെയാണ് വരുമാനം ഏറിയ പങ്കും ഉണ്ടാകുന്നത്. ബഹു. സുപ്രീം കോടതി വിധിമൂലം വനത്തിൽ നിന്നും മരം മുറിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ സ്വാഭാവിക വനങ്ങളിലെ സെലക്ഷൻ ഫെല്ലിംഗും, ക്ലിയർ ഫെല്ലിംഗും നിർത്തലാക്കിയതിനാൽ വനം ഡിപ്പോകളിൽ തടിയിറക്കുന്നതിൽ കുറവുണ്ടായിട്ടുണ്ട്. തന്മൂലം തടി വിൽപ്പനയിലൂടെയുള്ള വരുമാനം കുറഞ്ഞു വരികയാണ്.

(സി) വനവിഭവങ്ങളുടെ വിലയിൽ കുറവുണ്ടായിട്ടില്ല.

വനസംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ

3 (1553) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) ഈ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ഈ പദ്ധതികൾക്കായി ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്ന തുകയിൽ എന്തു തുക വീതം ചെലവഴിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന പദ്ധതികളായ ഫോറസ്റ്റ് പ്രൊട്ടക്ഷൻ, ഫയർ പ്രൊട്ടക്ഷൻ, വനാതിർത്തി നിർണ്ണയം, കൺട്രോൾ ഓഫ് പോച്ചിംഗ്&ഇല്ലീഗൽ ട്രേഡ്.

100% കേന്ദ്രസഹായമുള്ള പദ്ധതികളായ മോഡേൺ ഫോറസ്റ്റ് ഫയർ കൺട്രോൾ മെത്തേഡ്, നീലഗിരി ബയോസ്ഫീയർ, പ്രോജക്ട് എലിഫന്റ്.

50% കേന്ദ്രസഹായത്തോടെയുള്ള വന്യജീവി കേന്ദ്രങ്ങളുടെയും ദേശീയ പാർക്കുകളുടെയും സംരക്ഷണ പദ്ധതി ഭാഗീകമായി കേന്ദ്രസഹായമുള്ള ഗ്ലോബൽ എൺവയോൺമെന്റ് പദ്ധതി ഇവ നടപ്പാക്കി വരുന്നു.

(ബി)

വർഷം	ബഡ്ജറ്റിൽ വക കൊള്ളിച്ചിരുനന തുക (ലക്ഷത്തിൽ)	ചെലവാക്കിയ തുക (ലക്ഷത്തിൽ)
1996- 97	2000. 00	1285. 05
1997- 98	2194. 50	1473. 69
1998- 99	2520. 00	1992. 64
1999-2000	2510. 00	2058. 13

സോഷ്യൽ ഫോറസ്ട്രിക്ക് ലോകബാങ്ക് സഹായം

4 (1554) ശ്രീ. നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോഷ്യൽ ഫോസ്ട്രിക്ക് ഇതുവരെ ലോകബാങ്ക് എത്ര കോടി രൂപ നൽകി ;

(ബി) ഇതിൽ എന്തു തുക ചെലവഴിച്ചു ;

(സി) സോഷ്യൽ ഫോറസ്ട്രിക്കു വേണ്ടി ലോകബാങ്കിൽ നിന്നും ലഭിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു തുക വകമാറ്റി ചെല വഴിച്ചിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1983-84-ൽ തുടങ്ങി 1992-93-ൽ അവസാനിച്ച പദ്ധതിക്കായി 90 കോടി രൂപയും ഇപ്പോൾ നടപ്പിലാക്കിവരുന്ന കേരള ഫോറസ്ട്രി പ്രോജക്ടിൽ 199.82 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly